ഇടുക്കി	-	കൊടുത്തിട്ടില്ല
എറണാകുളം	-	32.55.79 ഹെക്ടർ
തൃശ്ശൂർ	-	1.35.04 ഹെക്ടർ
പാലക്കാട്	-	0.04.49 ഹെക്ടർ
മലപ്പുറം	-	6.88.88 ഹെക്ടർ
കോഴിക്കോട്	-	20.50.60 ഹെക്ടർ
വയനാട്	-	കൊടുത്തിട്ടില്ല
കണ്ണൂർ	-	0.20.99 ഹെക്ടർ
കാസർഗോഡ്	-	0.0121 ഹെക്ടർ

(സി) ഏറ്റവും കുറഞ്ഞ പാട്ടത്തുക ഒരു രൂപയും, കൂടിയ പാട്ടത്തുക 7,95,354/- രൂപയുമാണ്.

എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ കണക്ക് ചുവടെ ചേർക്കുന്നു.

എറണാകുളം	-	83,72,61,964/- രൂപ
പാലക്കാട്	-	2,50,500/- രൂപ
കോഴിക്കോട്	-	10,00,00,000/- രൂപ
കണ്ണൂർ	-	28,56,317/- രൂപ

മറ്റു ജില്ലകളിൽ കണക്കാക്കിയിട്ടില്ല.

(ഇ) പാട്ട വ്യവസ്ഥകൾ ലംഘിക്കുന്ന സാഹചര്യത്തിൽ കേരള ഭൂമി പതിവ് ചട്ടങ്ങൾ/മുനിസിപ്പൽ കോർപ്പറേഷൻ ഭൂമിപതിവ് ചട്ടങ്ങൾക്ക് അനുസൃതമായി പാട്ടഭൂമി തിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

"കാലവർഷത്തിൽ തകർന്ന റോഡുകൾ"

61 (2117)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈയിടെ ഉണ്ടായിട്ടുള്ള പേമാരിയിലും വെള്ളപ്പൊക്കത്തിലും കിളിമാനൂർ നിയോജകമണ്ഡലത്തിലെ നിരവധി റോഡുകൾ സഞ്ചാരയോഗ്യമല്ലാതായിത്തീർന്നതു കാരണം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കു വേണ്ടി കിളിമാനൂർ മണ്ഡലത്തിനു പ്രത്യേക പരിഗണന നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) ഏതാനും റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാശനഷ്ടത്തിന്റെ തോതും പുനരുദ്ധരണത്തിന്റെ അടിയന്തിര സ്വഭാവവും ഫണ്ടിന്റെ പര്യാപ്തതയും കണക്കിലെടുത്ത് അർഹമായ പരിഗണന ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly